പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2895 10.03.2017-ൽ മറുപടിക്ക്

പൂന്തുറ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എസ്. ശബരീനാഥൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | പൂന്തുറ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; | (എ) | പൂന്തുറ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾക്ക് ഭരണാനുമതി നൽകി സി.ഡബ്ല്യു.പി. ആർ.എസ്, പൂനെ മുഖേന മാതൃകാ പഠനം നടത്തി അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തുടർന്ന് പരിസ്ഥിതി ആഘാതപഠനം നടന്നുവരുന്ന ഘട്ടത്തിലാണ് ഹാർബറിന്റെ ലൊക്കേഷൻ മാറ്റണമെന്ന് ഒരു വിഭാഗം നാട്ടുകാർ ആവശ്യപ്പെട്ടത്. ലൊക്കേഷൻ മാറ്റുന്നതിനുള്ള സാധ്യത പരിശോധിക്കുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നതു പ്രകാരം പൂന്തുറ മത്സ്യബന്ധന തുറമുഖ പദ്ധതി 500 മീറ്റർ വടക്കോട്ട് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് മാതൃകാപഠനം നടത്തിയ സി.ഡബ്ല്യു.പി. ആർ.എസ്, പൂനെയോട് അഭിപ്രായം ആരാഞ്ഞു. തുടർന്ന് സി.ഡബ്ല്യു.പി. ആർ.എസ് ൽ നിന്ന് ഇത് സംബന്ധിച്ച അധിക പഠനം നടത്തുന്നതിനായി 9,58,260/- രൂപ ആവശ്യപ്പെടുകയുണ്ടായി. ആയതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്. ലൊക്കേഷൻ മാറുന്നത് കൊണ്ട് പുതുക്കിയ മോഡൽ സ്റ്റഡി നടത്തുന്നതിനോടൊപ്പം പുതിയ പരിസ്ഥിതി ആഘാത പഠനവും (EIA) നടത്തേണ്ടതുണ്ട്. |
| (ബി) | ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | 2017—18 ബഡ്ജറ്റിൽ പൂന്തുറ മത്സ്യബന്ധന തുറമുഖത്തിന് പുതിയ ഹെഡ് ഓഫ് അക്കൗണ്ടും ടോക്കൺ പ്രൊവിഷനും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക വകകൊള്ളിച്ചിട്ടില്ല. പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പൂന്തുറ കടൽതീരത്തെ നിലവിലുള്ള പുലിമുട്ടുകൾ ബലപ്പെടുത്തുവാനാവശ്യമായ നടപടി കൈക്കൊള്ളുമോ; | (സി) | ഇറിഗേഷൻ വകുപ്പാണ് നടപടി കൈക്കൊള്ളേണ്ടത്. ടി വകുപ്പിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | പൂന്തുറ മത്സ്യ ഗ്രാമത്തെ വിഴിഞ്ഞം തുറമുഖ പദ്ധതി ബാധിത പ്രദേശമായി പ്രഖ്യാപിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ട പരിഹാരവും പുനരധിവാസവും സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിന് 475 കോടി രൂപ അടങ്കൽ തുകയുള്ള ഒരു പ്രത്യേക പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പദ്ധതി നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് പുനരധിവാസത്തിന്റെ ഭാഗമായി പാർപ്പിടം, ആഴക്കടൽ മത്സ്യബന്ധന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, അനുബന്ധ പരിശീലനങ്ങൾ, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസ സൗകര്യ വികസനം, ആരോഗ്യ സംവിധാനങ്ങൾ, വയോജന ക്ഷേമം എന്നിവയ്ക്കാണ് 475 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അതിൽ പനത്തുറ മുതൽ വലിയവേളി വരെയുള്ള മത്സ്യഗ്രാമങ്ങളിലെ ഏകദേശം 3000 ത്തോളം (പൂന്തുറ 800 + മറ്റു മത്സ്യഗ്രാമങ്ങൾ 2200) മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 350 കോടി രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ